പതിനാലാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ T 963

28..04.2017-ൽ
മറുപടിയ്ക്ക്

## സ്വകാര്യ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

ചോദ്യം
ശ്രീ.എൽദോ എബ്രഹാം

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ചില സ്വകാര്യ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് വ്യാപക പരാതി ഉയർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ ? | (ബി) കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പ്രഥമ സെനറ്റ് യോഗം, അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപക, അനധ്യാപക വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന, വേതന വ്യവസ്ഥകൾ പഠിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സെനറ്റ് അംഗം കൂടിയായ Prof. K.U. അരുണൻ MLA യുടെ നേതൃത്വത്തിൽ ഒരു 7 അംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത സെനറ്റ് യോഗത്തിന് മുൻപാകെ സമർപ്പിക്കുന്നതാണ്. കൂടാതെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പരാതികൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 12.04.2017-ൽ ചേർന്ന കേരള ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ തീരുമാന പ്രകാരം പ്രോ-വൈസ് ചാൻസിലർ ചെയർമാനായും സർവ്വകലാശാലയിലെ ഡീൻ (റിസേർച്ച്), ഡീൻ (അക്കാദമിക്), ഡീൻ (സ്റ്റുഡെന്റ്സ് അഫയേഴ്സ്) എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ലഭിച്ച സ്വാശ്രയ കോളേജുകളെ സംബന്ധിക്കുന്ന പരാതികളിൻമേൽ അടിയന്തിരമായി തീർപ്പ കൽപ്പിക്കുന്നതിനായി സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

എല്ലാ കോളേജുകളിലും പി.ടി.എ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് കെ.കെ.ദിനേശൻ ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയും, ഇന്റേണൽ അസെസ്മെന്റു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഠിക്കുന്നതിന് എം.ജി. സർവകലാശാല വൈസ് ചാൻസിലർ കൺവീനറായി ഒരു നാലംഗ സമിതിയും, രൂപീകരിച്ചിട്ടുണ്ട്.

---

സെക്ഷൻ ഓഫീസർ